KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

150 YEARS OF CELEBRATING THE MAHATMA

Ref No:12404 07/07/2020

സർക്കുലർ നമ്പർ **43/2020 (BD)**

വിഷയം: കുടുംബശ്രീ അംഗങ്ങളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ഓൺലൈൻ വിദ്യാഭ്യാസത്തിനാവശ്യമായ ലാപ് ടോപ് വാങ്ങുന്നതിനു വേണ്ടി പണം ലഭ്യമാക്കുന്ന **'കെ.എസ്.എഫ്.ഇ വിദ്യാശ്രീ പദ്ധതി'** ആരംഭിക്കുന്നതു സംബന്ധിച്ച്.

സൂചന: 1) 24/06/2020 ന് കുടുംബശ്രീ മിഷനുമായി കെ.എസ്.എഫ്.ഇ ഒപ്പിട്ട ധാരണാ പത്രം.

2) സ.ഉ. (കൈ) നം.61/2020/നിവ. നികുതി(എച്ച്)വകുപ്പ് 03/07/2020 തീയതിയിലെ സർക്കാർ ഉത്തരവ്.

****

കോവിഡ് കാലത്തെ ഓൺലൈൻ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ കണക്ക പ്രകാരം കേരളത്തിൽ ടി.വി, സ്മാർട്ട് ഫോൺ, ലാപ് ടോപ്പ് എന്നീ സൗകര്യങ്ങൾ ലഭ്യമല്ലാത്ത 2,60,000 വിദ്യാർത്ഥികൾ ഉണ്ടെന്നാണ് സൂചിപ്പിക്കുന്നത്. ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ മുന്നിലുള്ള പ്രധാന തടസ്സത്തിനുള്ള ശാശ്വത പരിഹാരം എന്ന നിലയ്ക്ക് കേരളത്തിലെ കുടുംബശ്രീ യൂണിറ്റുകളിലെ അയൽക്കൂട്ടം അംഗങ്ങളെ ഉൾപ്പെടുത്തി ആവശ്യത്തിനനുസരിച്ച് അവർക്ക് മുൻകൂറായി പണം ലഭ്യമാക്കി കുട്ടികളുടെ പഠനത്തിനുപയോഗിക്കാൻ വേണ്ടിയുള്ള ലാപ് ടോപ് വാങ്ങുന്നതിനായി ഒരു പുതിയ പദ്ധതിക്ക് കെ.എസ്.എഫ്.ഇ രൂപം നൽകുകയാണ്.

സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി ആരംഭിച്ച കുടുംബശ്രീ ഇന്ന് ത്രിതല സംവിധാനത്തിന്റെ കീഴിൽ പ്രൈമറി തലത്തിൽ താഴെത്തട്ടിലുള്ള അയൽക്കൂട്ടങ്ങൾ, വാർഡ് തലത്തിൽ ഏരിയ ഡെവലപ്മെന്റ് സൊസൈറ്റി (ADS), തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി (CDS) എന്നീ തട്ടുകളിലായി പ്രവർത്തിക്കുന്ന ഒരു ബൃഹദ് പ്രസ്ഥാനമാണ്. 10 പേർ മുതൽ 20 പേർ വരെ ഉൾപ്പെടുന്ന ഒരു ഗ്രൂപ്പ് ആണ് ഒരു അയൽക്കൂട്ടം. വാർഡിലെ അയൽക്കൂട്ടങ്ങൾ ചേർന്ന ADS, ADS ൽ നിന്നും തെരഞ്ഞെടുക്കുന്ന പ്രതിനിധികൾ അടങ്ങുന്ന സമിതി CDS എന്നതാണ് കുടുംബശ്രീയുടെ ഏകദേശ ഘടനാ രൂപം. ഏകദേശം 3 ലക്ഷത്തോളം വരുന്ന അയൽക്കൂട്ടങ്ങളിലായി 45 ലക്ഷത്തോളം അംഗങ്ങൾ ആണ് കുടുംബശ്രീയിൽ പ്രവർത്തിക്കുന്നത്. ഈ പദ്ധതി പ്രാവർത്തികമാക്കുന്നതോടെ 45 ലക്ഷത്തോളം വരുന്ന കുടുംബശ്രീ അംഗങ്ങളിൽ നല്ലൊരു വിഭാഗത്തെ കെ.എസ്.എഫ്.ഇ യ്ക്ക് പുതുതായി ഇടപാടുകാരുടെ പട്ടികയിലേക്ക് കൊണ്ട് വരാൻ സാധിക്കുമെന്നതാണ് ഇതിന്റെ പ്രത്യേകത. ഈ പദ്ധതിക്ക് കമ്പനി വഹിക്കേണ്ടി വരുന്ന അധിക ചെലവ് സർക്കാർ നൽകുന്നതാണ്. സംസ്ഥാന IT വകുപ്പിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളുടെ ലാപ് ടോപ്പ് ആണ് ഈ പദ്ധതിയിലൂടെ കുടുംബശ്രീ അംഗങ്ങൾക്ക് വാങ്ങാൻ സാധിക്കുക. ലാപ് ടോപ്പ് ആവശ്യമില്ലാത്ത അംഗങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി പദ്ധതി തുക പണമായി കൈപ്പറ്റാവുന്നതാണ് .

**പദ്ധതിയുടെ സവിശേഷതകൾ**

1. ഈ പദ്ധതിയ്ക്ക് **"കെ.എസ്.എഫ്.ഇ വിദ്യാശ്രീ പദ്ധതി"** എന്നാണ് പേരിട്ടിരിക്കുന്നത്.

2. ചെറിയ വരുമാനം ഉള്ള കുടുംബശ്രീ അംഗങ്ങൾക്ക് പോലും ചേരാവുന്ന തരത്തിൽ താരതമ്യേന കുറഞ്ഞ തുകയായ പ്രതിമാസം 500/- രൂപ വീതം 30 മാസം കൊണ്ട് അവസാനിക്കുന്ന 15000/- രൂപ ആകെ അടങ്കൽ തുക വരുന്ന ഒരു പദ്ധതിയാണ്.

3. പദ്ധതിയുടെ മൂന്നാം തവണയ്ക്കു ശേഷം ലാപ് ടോപ്പ് ആവശ്യപ്പെടുന്ന എല്ലാ അംഗങ്ങൾക്കും പരമാവധി 14250/- രൂപ വരെ, സംസ്ഥാന IT വകുപ്പിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളുടെ ലാപ് ടോപ്പ് വാങ്ങുന്നതിന് വേണ്ടി മുൻകൂറായി തന്നെ ലഭ്യമാക്കും.

4. മുടക്കം കൂടാതെ കൃത്യമായി അടയ്ക്കുന്നവർക്ക് 3 തവണ സംഖ്യകൾ (1500/- രൂപ) ഇളവ് നൽകുന്നതാണ്. ഒന്നാം തവണ മുതൽ ഒൻപതാം തവണ വരെയുള്ള സംഖ്യകൾ മുടക്കം കൂടാതെ കൃത്യമായി അടയ്ക്കുന്നവർക്ക് പത്താമത്തെ തവണ സംഖ്യയും ഒന്നാം തവണ മുതൽ പത്തൊമ്പതാം തവണ വരെയുള്ള സംഖ്യകൾ കൃത്യമായി അടയ്ക്കുന്നവർക്ക് മേൽ പറഞ്ഞതു കൂടാതെ ഇരുപതാമത്തെ തവണ സംഖ്യയും ഒഴിവാക്കി കൊടുക്കുന്നതാണ്. ഒന്നാം തവണ മുതൽ മുപ്പതാം തവണ വരെ കൃത്യമായി അടയ്ക്കുന്നവരിൽ ഇതേ തുടർന്ന് പുതുതായി ആരംഭിക്കുന്ന സമാനമായ പദ്ധതിയിൽ ചേരാൻ ആഗ്രഹിക്കുന്നവർക്ക് ആദ്യ തവണ സംഖ്യയായി 500/-രൂപ വരവ് വെച്ച് കൊടുക്കുന്നതാണ്. എന്നാൽ പദ്ധതിയുടെ ആരംഭഘട്ടത്തിൽ തന്നെ മൂന്നാം തവണയ്ക്കു ശേഷം ആവശ്യപ്പെടുന്ന എല്ലാ അംഗങ്ങൾക്കും ലാപ് ടോപ്പ് വാങ്ങിക്കുന്നതിനായി 14250/- രൂപ വരെ ലഭിക്കുന്നതാണ്. 14250/- രൂപയിൽ ലാപ് ടോപ്പിന് ആവശ്യമായ തുക കഴിച്ചുള്ള സംഖ്യ പലിശയടക്കം അവർക്ക് പിന്നീട് തിരിച്ചു നൽകുന്നതാണ്.

5. സന്നദ്ധ സംഘടനകൾക്കും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും SC/ST, മത്സ്യബന്ധന വകുപ്പുകൾക്കും പിന്നോക്ക-മുന്നോക്ക വികസന കോർപ്പറേഷനുകൾക്കും അവരുടെ ഫണ്ടിൽ നിന്നും എം.എൽ.എ. എസ്.ഡി.എഫ്-എ.ഡി.എഫിൽ നിന്നും കുടുംബശ്രീ അയൽക്കൂട്ടങ്ങളെ സഹായിക്കുന്നതിനായി സബ്സിഡി തുക അനുവദിക്കാവുന്നതാണ്. ഇങ്ങനെ ലഭിക്കുന്ന സബ്സിഡി തുക ലാപ് ടോപ് വാങ്ങുന്നവരുടെ പദ്ധതി അക്കൗണ്ടിൽ തുല്യമായി വീതിച്ചു നൽകുന്നതാണ്. അത്രയും തുക ആ അംഗങ്ങൾ അടയ്ക്കേണ്ടതിൽ നിന്നും കുറവ് വരുത്തുന്നതാണ്.

6. ഈ പദ്ധതിയുടെ പലിശ നിരക്ക് 9% (Monthly Diminishing) ആണ്. എന്നാൽ ഫലത്തിൽ ഇടപാടുകാർ പലിശയിനത്തിൽ ഒന്നും അടയ്ക്കേണ്ടതില്ല.

7. ലാപ് ടോപ്പ് ആവശ്യമില്ലാത്ത അംഗങ്ങൾക്ക് പദ്ധതി തുക പണമായി നൽകുന്നതാണ്. പതിമൂന്നാം തവണ മുതൽ ആവശ്യപ്പെടുന്നവർക്കാണ് കമ്പനിയുടെ നിലവിലെ നിക്ഷേപ പലിശ സഹിതം പണം ലഭിക്കുക.

## ജാമ്യ വ്യവസ്ഥകളും മറ്റു നിബന്ധനകളും

1. കെ.എസ്.എഫ്.ഇ യുടെ നിലവിലുള്ള ജാമ്യ വ്യവസ്ഥകളിൽ നിന്നും വ്യത്യസ്തമായി **"കെ.എസ്.എഫ്.ഇ വിദ്യാശ്രീ പദ്ധതി"** അംഗങ്ങൾക്ക് പ്രത്യേകമായ വ്യവസ്ഥകളാണ് നടപ്പാക്കുക. ഈ പദ്ധതി നടത്തിപ്പ് സംബന്ധിച്ചുള്ള ഒരു ധാരണാപത്രം കൃത്യമായി തവണകൾ അടയ്ക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ പരാമർശിച്ചു കൊണ്ട് കെ.എസ്.എഫ്.ഇയും കുടുംബശ്രീ മിഷനും തമ്മിൽ ഒപ്പിട്ടിട്ടുണ്ട്. ധാരണപത്രത്തിലെ വ്യവസ്ഥകൾ പ്രകാരമായിരിക്കും ഓരോ യൂണിറ്റിലെ അംഗത്തിനും പണം കൈമാറുക. അയൽക്കൂട്ടത്തിലെ എല്ലാ അംഗങ്ങളും ഒറ്റയ്ക്കും കൂട്ടായും പണം തിരിച്ചടയ്ക്കുന്നതിന് ബാധ്യതപ്പെടുന്നവരായിരിക്കും. എന്നാൽ പണം ലഭിക്കുന്നത് ഓരോ അംഗത്തിനുമായിരിക്കും. ഇതു സംബന്ധിച്ച് ഓരോ അംഗത്തിനും അയൽക്കൂട്ടം മൊത്തത്തിലും തവണ സംഖ്യ തിരിച്ചടയ്ക്കുന്നതിന് ഉത്തരവാദിത്വമുണ്ടാവുന്ന രീതിയിലുള്ള ഒരു എഗ്രിമെന്റിന് കമ്പനി രൂപം കൊടുത്തിട്ടുണ്ട്. തവണതുക മുടക്കം വന്നാൽ ADS/CDS എന്നിവരും തിരിച്ചടവിനായി അവരുടെ സംവിധാനങ്ങളിലൂടെ സമ്മർദ്ദം ചെലുത്തുന്നതാണ്.

2. പദ്ധതിയിൽ ചേരുന്നവർ പ്രൈമറി തലത്തിലുള്ള അയൽക്കൂട്ടങ്ങളിൽ അംഗത്വം തെളിയിക്കുന്നതിനുള്ള രേഖയും ആധാർ കാർഡിന്റെ കോപ്പിയും അപേക്ഷയ്ക്കൊപ്പം ഹാജരാക്കേണ്ടതാണ്.

3. പദ്ധതി തുക ഉപയോഗിച്ച് Kerala Infrastructure and Technology for Education (KITE) തയാറാക്കുന്ന സ്പെസിഫിക്കേഷൻ അനുസരിച്ച് IT വകുപ്പ് അംഗീകരിച്ച ബ്രാൻഡുകളുടെ ലാപ് ടോപ് വാങ്ങിയതിന്റെ ബിൽ, അംഗം ഉൾപ്പെടുന്ന ADS ന്റെ അധികാരികൾ അറ്റസ്റ്റ് ചെയ്ത് അടുത്ത തവണ തീയതിക്ക് മുൻപായി ശാഖയിൽ ഹാജരാക്കേണ്ടതാണ്.

4. മേൽ പറഞ്ഞ തുകയ്ക്ക് മുകളിൽ വില വരുന്ന ലാപ് ടോപ്പുകൾ വാങ്ങാൻ ഈ പദ്ധതി പ്രകാരം മൂന്നാം തവണ പണം നൽകുന്നതല്ല.

5. ഈ പദ്ധതിയിൽ ചേർന്ന് അംഗമായി ആനുകൂല്യം അനുവദിച്ച ശേഷം അംഗം ബാധ്യത തുക ഒന്നിച്ച് അടച്ച് തീർക്കാൻ താൽപര്യപ്പെട്ട് മുന്നോട്ട് വന്നാൽ ആയത് പരിഗണിച്ച് പണം സ്വീകരിച്ച് അക്കൗണ്ട് ക്ലോസ് ചെയ്യാവുന്നതാണ്.

6. പദ്ധതിയിലേയ്ക്കുള്ള പ്രതിമാസ തവണ സംഖ്യ എല്ലാ അംഗങ്ങൾക്കും വേണ്ടി അയൽക്കൂട്ടമാണ് അടയ്ക്കേണ്ടത്. ഈ തുകയ്ക്ക് 2 ശതമാനം കമ്മീഷൻ അയൽക്കൂട്ടത്തിന് ലഭിക്കും. അവരുടെ സുഗമ അക്കൗണ്ടിലേക്കാണ് ഈ പണം അക്കൗണ്ട് ചെയ്യുക.

7. പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ ഓരോ അയൽക്കൂട്ടത്തിലും മേൽ പദ്ധതിയിൽ ചേരാൻ ആഗ്രഹിക്കുന്ന കുടുംബശ്രീ അംഗങ്ങളിൽ നിന്നും അപേക്ഷയും അനുബന്ധ രേഖകളും ആദ്യതവണ സംഖ്യയായ 500/- രൂപ സഹിതം പ്രസ്തുത അയൽക്കൂട്ടത്തിന്റെ പേരിൽ സുഗമ അക്കൗണ്ട് ആരംഭിച്ച് ടി തുക എല്ലാ അംഗങ്ങൾക്കും വേണ്ടി ഒറ്റത്തവണയായി അടയ്ക്കേണ്ടതാണ്. ഉദാഹരണത്തിന് 20 പേരുള്ള ഒരു അയൽക്കൂട്ടത്തിലെ 10 പേരാണ് ഈ പദ്ധതിയിൽ ചേരാൻ ആഗ്രഹിക്കുന്നതെങ്കിൽ 10 പേരുടേയും അപേക്ഷകളും 500x10=5000/-രൂപ ഒറ്റത്തവണയായി പ്രസ്തുത സുഗമ അക്കൗണ്ടിൽ അടയ്ക്കേണ്ടതാണ്. ഒന്നിൽക്കൂടുതൽ സുഗമ അക്കൗണ്ടുകൾ ഒരു അയൽക്കൂട്ടത്തിന്റെ പേരിൽ ആരംഭിക്കുവാൻ പാടുള്ളതല്ല. അതുകൊണ്ട് താല്പര്യമുള്ള എല്ലാ അംഗങ്ങളേയും പരിഗണിച്ച ശേഷമായിരിക്കണം സുഗമ അക്കൗണ്ട് ആരംഭിക്കേണ്ടത്. സുഗമ അക്കൗണ്ട് ആരംഭിച്ച് തുക അടയ്ക്കുന്ന തീയതിയായിരിക്കും ഓരോ മാസവും ഈ പദ്ധതിയുടെ തവണ തീയതി. ഇതിനായി ഓരോ അംഗത്തിന്റെയും അയൽക്കൂട്ടത്തിന്റെയും സമ്മതപത്രം ഒപ്പിട്ട് ഫയലിൽ വയ്ക്കേണ്ടതാണ്. എല്ലാ അംഗങ്ങൾക്കും കൂടി വേണ്ടതായ തുക ഓരോ മാസവും സുഗമ അക്കൗണ്ടിൽ അടയ്ക്കുന്നതിന് അയൽക്കൂട്ടവും അംഗങ്ങളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ പണം അടയ്ക്കുന്നത് കുറഞ്ഞു പോയാൽ ആയതിന്റെ വിവരം അയൽക്കൂട്ടം ശാഖയിൽ അറിയിക്കേണ്ടതാണ്.

8. പ്രതിമാസ തവണ മുടക്കുന്ന സാഹചര്യം ഉണ്ടായാൽ അയൽക്കൂട്ടത്തേയും വ്യക്തിയേയും നേരിട്ടും കുടിശ്ശിക തീർക്കുന്നതിന് പ്രേരിപ്പിക്കേണ്ടതാണ്. കുടിശ്ശിക നിലനിന്നാൽ അതാത് ADS/CDS സംവിധാനത്തെ രേഖാമൂലം വിവരം അറിയിച്ച് കുടിശ്ശിക തീർക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുന്നതിനായി ആവശ്യപ്പെടുകയും ചെയ്യേണ്ടതാണ്. എന്നിട്ടും കുടിശ്ശിക തീർക്കാത്ത പക്ഷം റവന്യൂ റിക്കവറി അടക്കമുള്ള നിയമാനുസൃതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

9. തവണസംഖ്യ അടയ്ക്കുന്നതിൽ മുടക്കു വരുത്തിയാൽ മുടക്കം വരുത്തിയ തവണ സംഖ്യയിന്മേൽ 12% പിഴപ്പലിശ കുടിശ്ശിക അടയ്ക്കുന്നത് വരെ ഈടാക്കുന്നതാണ്.

10. ഒരു കുടുംബശ്രീ അംഗത്തിന്റെ പേരിൽ ഒരു വിദ്യാശ്രീ പദ്ധതി ആനുകൂല്യം മാത്രമേ അനുവദിക്കുകയുള്ളൂ. ഈ പദ്ധതിയുടെ അപേക്ഷാ ഫോറം, എഗ്രിമെന്റ് തുടങ്ങിയവ **Downloads** ൽ ലഭ്യമാണ്.

**ഈ പദ്ധതി 15/07/2020 മുതൽ നിലവിൽ വരുന്നതാണ്. 10/07/2020 മുതൽ അപേക്ഷാ ഫോറം ആവശ്യക്കാർക്ക് വിതരണം ചെയ്യാവുന്നതാണ്.**

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**സുബ്രഹ്മണ്യൻ വി.പി**
**മാനേജിംഗ് ഡയറക്ടർ**

To:- **എല്ലാ ശാഖാ തലവന്മാർക്കും**

1. **എല്ലാ മേഖലാ ഓഫീസുകൾക്കും**
2. **ഹെഡ്ഓഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും**
3. **എല്ലാ IAD ടീമുകൾക്കും**
4. **സർക്കുലർ ഫയൽ**
5. **MD യുടെ PA**
6. **എല്ലാ SDT ഓഫീസുകൾക്കും**